**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282** **09-10-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അക്രമവാസനയുടെ പ്രധാന കാരണം ലഹരി ഉപയോഗമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | യുവജനങ്ങളിൽ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അക്രമവാസനയുടെ കാരണത്തിൽ ലഹരി ഉപയോഗം ഉൾപ്പെടുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിന്ന് ലഹരിയും മറ്റ് സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും ഇടച്ചുനീക്കി സുരക്ഷിത ക്യാമ്പസ് ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ് എന്നിവയുടെ നേതൃത്വത്തിൽ ലഹരിക്കെതിരെയുള്ള സജീവമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പോലീസ്, എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകളും വിവിധ പരിപാടികളും വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങളും കോളേജുകളിൽ നടത്തി വരുന്നുണ്ട്.<br><br>എക്സൈസ് വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എല്ലാ കോളേജ് ക്യാമ്പസുകളിലും കോളേജ് പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ അംഗങ്ങളെ ഉൾപ്പെടുത്തി "നേർക്കൂട്ടം", എന്ന പേരിൽ കമ്മിറ്റികൾ രൂപീകരിച്ച് കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ സംവിധാനങ്ങൾ പ്രവർത്തിച്ചു വരുന്നു. കോളേജുകളിൽ വിമുക്തി ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജ് ഹോസ്റ്റലുകളിൽ ഹോസ്റ്റൽ വാർഡന്റെ മേൽനോട്ടത്തിൽ "ശ്രദ്ധ" എന്ന പേരിലുള്ള കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ 1020 നേർക്കൂട്ടം കമ്മിറ്റികളും, 512 ശ്രദ്ധാ കമ്മിറ്റികളും സംഘടിപ്പിച്ച് പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വർഷത്തേക്ക് നടപ്പിലാക്കേണ്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ Action Plan തയ്യാറാക്കി നൽകിയിട്ടുണ്ട്. കോളേജുകളിൽ Say No To Drugs ക്യാമ്പയിന്റെ ഭാഗമായി വിവിധ അവബോധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ലഹരിവിരുദ്ധ പ്രവർത്തന ങ്ങൾക്കായി കോളേജുകളിൽ എൻ. എസ്.എസിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ലഹരി വിരുദ്ധ കർമ്മ സേനയായ ആസാദ്സേന (ASAAD- Agents for Social Awareness Against Drugs) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>അതുകൂടാതെ, നികുതി വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയം ഭരണവകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവിടങ്ങളിൽ നിന്നും യഥാസമയങ്ങളിൽ ലഭ്യമാകുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഈ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| (സി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സുരക്ഷ വർദ്ധിപ്പിക്കാനും വിദ്യാർത്ഥി ക്ഷേമം ഉറപ്പാക്കുന്നതിനുമായി കോളേജ് സംരക്ഷണ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാന പോലീസ് വകുപ്പിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിൽ കോളേജ് സംരക്ഷണ സമിതികൾ (College Protection Group) രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | കോളേജ് അധികൃതർക്കും വിദ്യാർത്ഥികൾക്കും പൊലീസുമായുള്ള സഹവർത്തിത്വം ഉറപ്പാക്കുവാനും അവശ്യഘട്ടങ്ങളിൽ അടിയന്തര സഹായം നൽകുവാനും കോളേജ് സംരക്ഷണ സമിതിയുടെ രൂപീകരണം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കോളേജ് അധികൃതർക്കും വിദ്യാർത്ഥികൾക്കും പൊലീസുമായുള്ള സഹവർത്തിത്വം ഉറപ്പാക്കുവാനും അവശ്യഘട്ടങ്ങളിൽ അടിയന്തര സഹായം നൽകുവാനും കോളേജ് സംരക്ഷണ സമിതിയുടെ രൂപീകരണം സഹായകരമാകും. ഓരോ കോളേജിലും രൂപീകരിക്കുന്ന കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ചെയർപേഴ്സൺ അതാത് സ്ഥാപന മേധാവിയും കൺവീനർ സ്റ്റേഷൻ ഹൗസ് ഓഫീസറും (S.H.O) ആണ്. കൂടാതെ ബന്ധപ്പെട്ട പ്രദേശത്തെ പോലീസ് സ്റ്റേഷനിലെ ജനമൈത്രി ബീറ്റ് ഓഫീസറേയും അംഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ സമിതികളുടെ സംസ്ഥാനതല അവലോകന സംവിധാനത്തിൽ സംസ്ഥാന പോലീസ് മേധാവിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാതല ഏകോപന സംവിധാനത്തിൽ അഡീഷണൽ എസ്.പി/ഡി.സി.പി യെയാണ് നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിലാണ് ജില്ലാതല ഉപദേശക സമിതികൾ രൂപീകരിക്കുന്നത്. ഓരോ |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷന്റെയും അധികാര പരിധിക്കുള്ളിലെ കോളേജ് സംരക്ഷണ സമിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും കോളേജുകളുമായി പതിവായി ബന്ധപ്പെട്ട് പ്രശ്നങ്ങളിൽ സമയോചിതമായി ഇടപെടുന്നതും ജില്ലാ അധികാരികളുമായുള്ള ഏകോപനം ഉറപ്പാക്കേണ്ടത് ഓരോ പോലീസ് സ്റ്റേഷന്റെയും ഉത്തരവാദിത്തമാണ്. പോലീസ് സ്റ്റേഷൻ പരിധിയിൽ കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ ഉള്ള എല്ലാ കോളേജുകളുടെയും ത്രൈമാസ സംയോജിത മീറ്റിംഗുകൾ സ്റ്റേഷൻ ഹൗസ് ഓഫീസർ വിളിച്ചു ചേർക്കേണ്ടതാണെന്നും ഓരോ അധ്യയന വർഷവും ആരംഭിക്കുന്നതിന് മുമ്പ് ഈ സമിതികളുടെ ആദ്യ യോഗം ചേരേണ്ടതാണെന്നും ഇത് സംബന്ധിച്ച് പോലീസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ പ്രതിപാദിക്കുന്നു. ഇത്തരത്തിൽ കോളേജ് അധികൃതർക്കും വിദ്യാർത്ഥികൾക്കും പോലീസുമായുള്ള സഹവർത്തിത്വം ഉറപ്പാക്കുന്നതിനും അവശ്യഘട്ടങ്ങളിൽ അടിയന്തര സഹായം നൽകുന്നതിനും കോളേജ് സംരക്ഷണ സമിതിയുടെ രൂപീകരണം സഹായകരമാകുമെന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ